① 

# നാഷണൽ സേഫ്റ്റി കൗൺസിൽ
## (കേരള ഘടകം)

സേഫ്ടി ട്രെയ്നിംഗ് & റിസർച്ച് സെന്റർ, സീപോർട്ട്-എയർപോർട്ട് റോഡ്, ഇരുമ്പനം - 682 309
Website: www.nsckerala.org, E-mail: nsckeralachapter@gmail.com, Phone: 0484-2541060

## ദേശീയ സുരക്ഷിതത്വ ദിനാഘോഷം-2019

നാൽപ്പത്തി എട്ടാമത് ദേശീയ സുരക്ഷിതത്വ ദിനാഘോഷത്തോടനുബന്ധിച്ച് ദേശീയ സുരക്ഷിതത്വ സമിതി (കേരളാ ഘടകം) താഴെ പറയുന്ന സുരക്ഷിതത്വ ബോധവൽക്കരണ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലുള്ളവരും അവരവർക്കു അനുയോജ്യമായ ഇനങ്ങളിൽ പങ്കെടുത്ത് അവരിലെ സുരക്ഷിതത്വ ചിന്തകളുണർത്തുവാനും, അപകടനിവാരണ മാർഗ്ഗങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനുമുള്ള ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കുന്ന വിഷയങ്ങൾ തൊഴിൽ സുരക്ഷിതത്വം, റോഡു സുരക്ഷിതത്വം, കുടുംബസുരക്ഷിതത്വം തുടങ്ങി വ്യക്തികളുടേയും സമൂഹത്തിന്റേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള അപകടനിവാരണ ബോധവൽക്കരണ ഉപാധിയായി തീരേണ്ടതാണ്.

### മത്സരങ്ങൾ

1. ഉന്നത വ്യവസായ സുരക്ഷിതത്വ നിലവാര അവാർഡ്
2. ഉന്നത വ്യവസായ സുരക്ഷിതത്വ നിർവ്വഹണ അവാർഡ്
3. സുരക്ഷിതത്വ കമ്മിറ്റി അവാർഡ്
4. സേഫ്റ്റി ഓഫീസർ അവാർഡ്
5. ഉന്നത സുരക്ഷിതത്വ അവബോധമുള്ള തൊഴിലാളി അവാർഡ്
6. ഉപന്യാസം
7. കവിത
8. ചെറുകഥ
9. മുദ്രാവാക്യം (മലയാളം)
10. മുദ്രാവാക്യം (ഇംഗ്ലീഷ്)
11. ക്വിസ്
12. കാർട്ടൂൺ
13. പ്രസംഗം
14. പത്രപ്രസിദ്ധീകരണ സുരക്ഷാ അവാർഡ്
15. സാമൂഹ്യ സുരക്ഷാ അവാർഡ്
16. 'സുരക്ഷ' ത്രൈമാസിക ലേഖന പ്രസിദ്ധീകരണ അവാർഡ്
17. സുരക്ഷാ അവാർഡ് - അപ്പാർട്ടുമെന്റ്/ ആശുപത്രികൾ/ഹോട്ടലുകൾ

### പൊതു നിബന്ധനകൾ

1. മത്സരത്തിനുള്ള മാറ്ററുകളും പങ്കെടുക്കുന്നവരുടെ പേരുകളും 2019 ഫെബ്രുവരി 5-ന് മുമ്പായി സെക്രട്ടറി, നാഷണൽ സേഫ്റ്റി കൗൺസിൽ, കേരള ചാപ്റ്റർ, സേഫ്ടി ട്രെയ്നിംഗ് & റിസർച്ച് സെന്റർ സീപോർട്ട്-എയർപോർട്ട് റോഡ്, ഇരുമ്പനം - 682 309 എന്ന മേൽവിലാസത്തിൽ കിട്ടിയിരിക്കേണ്ടതാണ്.
2. മത്സരത്തിൽ പങ്കെടുക്കുന്ന വ്യക്തികളുടെ പേരും മേൽവിലാസവും മത്സരത്തിന് സമർപ്പിക്കുന്ന മാറ്ററിൽ എഴുതുവാൻ പാടില്ല. മറ്റൊരു കടലാസ്സിൽ എഴുതി മാറ്ററിനോടൊപ്പം പിൻ ചെയ്യേണ്ടതാണ്.
3. മത്സരത്തിനയയ്ക്കുന്ന മാറ്ററുകൾ തിരിച്ചു നൽകുന്നതല്ല. അവ പ്രസിദ്ധീകരിക്കുന്നതിനോ പ്രദർശിപ്പിക്കുന്നതിനോ ഉള്ള അവകാശം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.
4. ഓരോ ഇനത്തിലും രണ്ടു സമ്മാനങ്ങൾ വീതം നൽകുന്നതാണ്.
5. ഇംഗ്ലീഷ് ഉപന്യാസവും ഇംഗ്ലീഷ് മുദ്രാവാക്യവുമൊഴികെ എല്ലാ മത്സരങ്ങളും നടത്തുന്നത് മലയാളത്തിലാണ്.
6. ദേശീയ സുരക്ഷിതത്വ ദിനമായ മാർച്ച് 4-ാം തീയതി സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തിൽ വച്ച് സമ്മാനദാനം നിർവ്വഹിക്കുന്നതാണ്.
7. സമ്മേളന സ്ഥലവും സമയവും സമ്മാനാർഹരെ യഥാസമയം അറിയിക്കുന്നതാണ്.
8. വ്യവസായ ജീവനക്കാരല്ലാത്ത സമ്മാനാർഹർക്ക് അവരുടെ വാസസ്ഥലത്തുനിന്ന് സമ്മേളനസ്ഥലത്ത് വരുവാനും തിരിച്ചുപോകുവാനുള്ള ബസ്/2-ാം ക്ലാസ്സ് ട്രെയിൻ ചാർജ്ജ് നൽകുന്നതാണ്. വിദ്യാർത്ഥികൾക്കും വ്യവസായ ജീവനക്കാരല്ലാത്ത സ്ത്രീകൾക്കും ഒരാളെ കൂടെ കൊണ്ടുവരാവുന്നതും അവരുടെ യാത്രാ ചെലവുകൂടി നൽകുന്നതുമാണ്.
9. വ്യക്തിഗത മത്സരങ്ങളിൽ ഓരോ ഇനത്തിലും ഒരു സ്ഥാപനത്തിൽ നിന്ന് 5 പേരിൽ കൂടുതൽ മത്സരിക്കാവുന്നതല്ല.
10. ഓരോ ഇനത്തിലും 4 പേരെങ്കിലും പങ്കെടുക്കാത്ത മത്സരങ്ങളിൽ സമ്മാനം നൽകുന്നതല്ല.

②

### ഓരോ മത്സരത്തിനേയും സംബന്ധിച്ച നിബന്ധനകൾ താഴെ ചേർക്കുന്നു

**1. ഉന്നത വ്യവസായ സുരക്ഷിതത്വ നിലവാര അവാർഡ്**

നാഷണൽ സേഫ്റ്റി കൗൺസിലിൽ നിന്നും കിട്ടുന്ന നിശ്ചിത ഫോറം ശരിയായി പൂരിപ്പിച്ച് നിശ്ചിത സമയത്തിനു മുമ്പ് ഓഫീസിൽ എത്തിക്കണം. **പ്രവേശന ഫീസ് – ഗ്രൂപ്പ് I – 3000 രൂപ, ഗ്രൂപ്പ് II – 2000 രൂപ, ഗ്രൂപ്പ് III – 1500 രൂപ, ഗ്രൂപ്പ് IV – 1000 രൂപ**

**2. ഉന്നത വ്യവസായ സുരക്ഷിതത്വ നിർവ്വഹണ അവാർഡ്**

നാഷണൽ സേഫ്റ്റി കൗൺസിലിൽ നിന്നും കിട്ടുന്ന നിശ്ചിത ഫോറം ശരിയായി പൂരിപ്പിച്ച് നിശ്ചിത സമയത്തിനു മുമ്പ് ഓഫീസിൽ എത്തിക്കണം. **പ്രവേശന ഫീസ് – 1000 രൂപ**

**3. സുരക്ഷിതത്വ കമ്മിറ്റി അവാർഡ്**

നാഷണൽ സേഫ്റ്റി കൗൺസിലിൽ നിന്നും കിട്ടുന്ന നിശ്ചിത ഫോറം ശരിയായി പൂരിപ്പിച്ച് നിശ്ചിത സമയത്തിനു മുമ്പ് ഓഫീസിൽ എത്തിക്കണം. **പ്രവേശന ഫീസ് – 1000 രൂപ**

**4. സേഫ്റ്റി ഓഫീസർ അവാർഡ്**

അഞ്ചു പേജിൽ കവിയാതെ പരിഗണിക്കേണ്ട വിവരങ്ങൾ ടൈപ്പ് ചെയ്ത് മേലധികാരികൾ മുഖേന സമർപ്പിക്കുക.

**5. ഉന്നത സുരക്ഷിതത്വ അവബോധമുള്ള തൊഴിലാളി അവാർഡ്**

അഞ്ചു പേജിൽ കവിയാതെ പരിഗണിക്കേണ്ട വിവരങ്ങൾ ടൈപ്പ് ചെയ്ത് മേലധികാരികൾ മുഖേന സമർപ്പിക്കുക.

**6. സുരക്ഷിതത്വ ഉപന്യാസ മത്സരം**

1. നാല് ഗ്രൂപ്പുകളായി തിരിച്ച് ഓരോ വിഭാഗത്തിലും ഇംഗ്ലീഷിലും മലയാളത്തിലും വെവ്വേറെയാണ് മത്സരങ്ങൾ നടത്തുന്നത്.

**ഗ്രൂപ്പ് "എ" : ഹൈസ്കൂൾ, ഐ.ടി.ഐ. +2 വിദ്യാർത്ഥികൾ**
വിഷയം: റോഡിൽ, കുട്ടികളുടെ സുരക്ഷിതത്വം *(Safety of Children on the Road)*

**ഗ്രൂപ്പ് "ബി" : കോളെജ്, പോളിടെക്നിക് വിദ്യാർത്ഥികൾ**
വിഷയം: വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്ന് ഉപയോഗം തടയൽ *(Prevention of Drug Abuse among Students)*

**ഗ്രൂപ്പ് "സി" : വ്യവസായ ജീവനക്കാർ**
വിഷയം: ഉയരത്തിൽ ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷിതത്വം *(Safety during Work at Height)*

**ഗ്രൂപ്പ് "ഡി" : മറ്റുള്ളവർ (എ.ബി.സി.യിൽ ഉൾപ്പെടാത്തവർ)**
വിഷയം: ഹരിത പെരുമാറ്റ ചട്ടത്തിന്റെ ഇന്നത്തെ പ്രാധാന്യം *(Importance of Green Protocal Today)*

2. ഉപന്യാസം 1500 വാക്കുകളിൽ കവിയാൻ പാടില്ല.
3. കടലാസിന്റെ ഒരു വശത്തുമാത്രം വൃത്തിയായി എഴുതി അയയ്ക്കേണ്ടതാണ്. **ടൈപ്പ് ചെയ്തത് സ്വീകരിക്കുന്നതല്ല.**
4. ഉപന്യാസ കർത്താവ് മേൽപ്പറഞ്ഞ എ, ബി, സി ഗ്രൂപ്പിൽ പെടുന്നുവെങ്കിൽ അത് തെളിയിക്കുന്നതിന് സ്ഥാപനത്തിൽ നിന്ന് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഉപന്യാസത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.
5. വ്യവസായ ജീവനക്കാർ ഗ്രൂപ്പ് 'ഡി' യിൽ മത്സരിക്കാൻ പാടില്ല.
6. ഗ്രൂപ്പ് "സി" യിലെ മികച്ച മലയാളം ഉപന്യാസത്തിന് "ബിനാനി മെഡൽ" നൽകുന്നതാണ്.

**7. സുരക്ഷിതത്വ കവിതാ മത്സരം**

1. സുരക്ഷിതത്വ സന്ദേശമുൾക്കൊള്ളുന്നതായിരിക്കണം.
2. 24 വരിയിൽ കവിയാൻ പാടില്ല.
3. കടലാസിന്റെ ഒരു വശത്തുമാത്രം എഴുതി അയയ്ക്കണം.

**8. സുരക്ഷിതത്വ ചെറുകഥാ മത്സരം**

1. ചെറുകഥ സുരക്ഷിതത്വ സന്ദേശമുൾക്കൊള്ളുന്നതായിരിക്കണം.
2. 1000 വാക്കുകളിൽ കവിയാൻ പാടില്ല.

③

**9. സുരക്ഷിതത്വ മുദ്രാവാക്യ മത്സരം (മലയാളം)**

1. മുദ്രാവാക്യം സുരക്ഷിതത്വ സന്ദേശമുൾക്കൊള്ളുന്നതായിരിക്കണം.
2. എട്ട് വാക്കുകളിൽ കവിയാൻ പാടില്ല.
3. ഒരാളിൽനിന്ന് മൂന്ന് മുദ്രാവാക്യങ്ങളിൽ കൂടുതൽ സ്വീകരിക്കുന്നതല്ല.
4. A4 പേപ്പറിൽ എഴുതണം.

മലയാളം മുദ്രാവാക്യങ്ങളും ഇംഗ്ലീഷ് മുദ്രാവാക്യങ്ങളും വെവ്വേറെ പേപ്പറുകളിൽ എഴുതി അയയ്ക്കണം.

**10. സുരക്ഷിതത്വ മുദ്രാവാക്യ മത്സരം (ഇംഗ്ലീഷ്)**

1. മേൽപ്പറഞ്ഞ 4 കാര്യങ്ങളും (9-ന്റെ നിയമങ്ങൾ പാലിക്കണം).

**11. സുരക്ഷിതത്വ ക്വിസ് മത്സരം**

1. (എ) കോളെജ്/പോളിടെക്നിക് വിദ്യാർത്ഥികൾ, (ബി) വ്യവസായ തൊഴിലാളികൾ എന്നിങ്ങനെ രണ്ടു ഗ്രൂപ്പുകളായാണ് മത്സരം നടത്തുന്നത്.
2. ചോദ്യാവലി മലയാളത്തിലായിരിക്കുമെങ്കിലും ലഘുവായ ഇംഗ്ലീഷ് വാചകങ്ങൾ ഉപയോഗിക്കുന്നതായിരിക്കും.
3. സ്ഥാപനങ്ങൾ സ്പോൺസർ ചെയ്ത രണ്ടംഗങ്ങളടങ്ങിയ ടീമായിട്ടാണ് ഇതിൽ പങ്കെടുക്കേണ്ടത്. ഒരു സ്ഥാപനത്തിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാവൂ. പങ്കെടുക്കുന്നവരുടെ പേരും ജോലി ചെയ്യുന്ന തസ്തികയും സ്ഥാപനം മുൻകൂട്ടി അറിയിക്കണം.
4. പങ്കെടുക്കുന്നവർ വ്യവസായ സ്ഥാപനത്തിലെ സ്ഥിരം തൊഴിലാളികൾ ആയിരിക്കണം. **ക്ലറിക്കൽ, സൂപ്പർവൈസറി, മാനേജീരിയൽ തസ്തികകളിൽ ജോലി ചെയ്യുന്നവരാകരുത്.**
5. മത്സര തീയതി, സമയം, സ്ഥലം എന്നിവ മത്സരാർത്ഥികളെ മുൻകൂട്ടി അറിയിക്കുന്നതാണ്.

**12. സുരക്ഷിതത്വ കാർട്ടൂൺ മത്സരം**

1. സുരക്ഷിതത്വസന്ദേശം ഉൾക്കൊള്ളുന്നതായിരിക്കണം.
2. 27 x 21 സെ.മീ. വലുപ്പത്തിൽ ആയിരിക്കണം.
3. ഒരാളിൽ നിന്ന് പരമാവധി രണ്ടു കാർട്ടൂണുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**13. സുരക്ഷിതത്വ പ്രസംഗ മത്സരം - വ്യവസായ ജീവനക്കാർ മാത്രമേ പങ്കെടുക്കാവൂ.**

1. മത്സര തീയതി, സമയം, സ്ഥലം എന്നിവ മത്സരാർത്ഥികളെ മുൻകൂട്ടി അറിയിക്കുന്നതാണ്.

**വിഷയം: അപകടങ്ങളുടെ അടിസ്ഥാന കാരണങ്ങൾ**

**14. പത്രപ്രസിദ്ധീകരണ സുരക്ഷാ അവാർഡ് (ജി.എസ്. ധാരാസിംഗ് മെമ്മോറിയൽ)**

കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങളിൽ 2018-ൽ വന്ന ശ്രദ്ധേയമായ ലേഖനങ്ങൾ / റിപ്പോർട്ടുകൾ എന്നിവയ്ക്ക് സുരക്ഷാ ബോധവൽക്കരണത്തിനുള്ള പ്രസക്തിയും പ്രാധാന്യവും കണക്കിലെടുത്ത് നൽകുന്ന അവാർഡ്. ലേഖകന് ക്യാഷ്അവാർഡും പ്രശംസാപത്രവും ഫലകവും നൽകുന്നു. കൂടാതെ പ്രസിദ്ധീകരിച്ച പത്രത്തിന് ട്രോഫിയും സമ്മാനിക്കുന്നതാണ്. പ്രസിദ്ധീകരണ കോപ്പിയും പത്രപ്രവർത്തകനെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും 2019 ഫെബ്രുവരി 5-ാം തീയതിക്കകം ലഭിച്ചിരിക്കണം.

**15. സാമൂഹ്യസുരക്ഷാ അവാർഡ്**

സമൂഹ നന്മയെ ലക്ഷ്യംവച്ച് സുരക്ഷിതത്വം, തൊഴിൽപരമായ ആരോഗ്യം, പരിസ്ഥിതി സംരക്ഷണം മുതലായ മേഖലകളിൽ സ്തുത്യർഹമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്ക് നൽകുന്ന അവാർഡ്. ഇതിനു പരിഗണിക്കുന്നതിനുവേണ്ടി ആർക്കും നിർദ്ദേശം സമർപ്പിക്കാവുന്നതാണ്. എന്തുകൊണ്ട് നിർദ്ദേശിക്കുന്നു എന്ന് അഞ്ചു പേജിൽ കവിയാതെ എഴുതി സമർപ്പിക്കണം.

**16. 'സുരക്ഷ" ത്രൈമാസിക ലേഖന പ്രസിദ്ധീകരണ അവാർഡ്**

"സുരക്ഷ" ത്രൈമാസികയിൽ 2018 മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ എന്നീ മാസങ്ങളിൽ പ്രസിദ്ധീകരിച്ച ഏറ്റവും മികച്ച ലേഖനത്തിനുള്ള അവാർഡ് - വായനക്കാരിൽ നിന്നുള്ള നിർദ്ദേശങ്ങളും വിദഗ്ധ കമ്മറ്റിയുടെ അഭിപ്രായവും പരിഗണിക്കുന്നതാണ്.

**17. സുരക്ഷാ അവാർഡ് - അപ്പാർട്ടുമെന്റ്/ആശുപത്രികൾ/ഹോട്ടലുകൾ**

നാഷണൽ സേഫ്റ്റി കൗൺസിലിൽ നിന്നും കിട്ടുന്ന നിശ്ചിത ഫോറം ശരിയായി പൂരിപ്പിച്ച് നിശ്ചിത സമയത്തിനു മുമ്പ് ഓഫീസിൽ എത്തിക്കണം.

**കൂടുതൽ വിശദാംശങ്ങൾക്ക്: നാഷണൽ സേഫ്റ്റി കൗൺസിൽ (കേരള ഘടകം)**
സേഫ്ടി ട്രെയ്നിംഗ് & റിസർച്ച് സെന്റർ, സീപോർട്ട്-എയർപോർട്ട് റോഡ്, ഇരുമ്പനം - 682 309